A

സമഗ്ര ശിക്ഷാ കേരളം

7001

# ആത്യന്തിക വിലയിരുത്തൽ I 2025-2026

## ആരോഗ്യ കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

**ക്ലാസ്: 7** | **സമയം : 2 മണിക്കൂർ 15 മിനിട്ട്**

### നിർദേശങ്ങൾ

- ആകെ സമയത്തിന്റെ ആദ്യത്തെ **15** മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ചോദ്യപേപ്പറിൽ A. ആരോഗ്യകായിക വിദ്യാഭ്യാസം B. കലാവിദ്യാഭ്യാസം C. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നീ മൂന്ന് വിഭാഗങ്ങളുണ്ട്.
- എല്ലാ വിഭാഗങ്ങളുടെയും ചോദ്യങ്ങൾക്കും ഉപചോദ്യങ്ങൾക്കും കൃത്യമായ നിർദ്ദേശങ്ങൾ പാലിച്ച് ഉത്തരം എഴുതണം.

### A. ആരോഗ്യ കായിക വിദ്യാഭ്യാസം

**ചുവടെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യങ്ങളും ശ്രദ്ധാപൂർവ്വം വായിച്ച് ഉത്തരമെഴുതുക**

**(2x1 സ്കോർ =2)**

1. **ചേരുംപടി ചേർക്കുക.**

താഴെ കാണുന്ന പട്ടികയിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.

| | | | |
|---|---|---|---|
| A. | ജീവകം | i. | വെണ്ണ |
| B. | മാംസ്യം | ii. | പച്ചക്കറി |
| C. | കൊഴുപ്പ് | iii. | പയർ |

| | A | B | C |
|---|---|---|---|
| 1 | ii | iii | i |
| 2 | iii | ii | i |
| 3 | ii | i | iii |

2. താഴെക്കൊടുത്തിരിക്കുന്നവയിൽ സൂക്ഷ്മപോഷകങ്ങൾ ഏതാണെന്ന് തിരിച്ചറിയുക.

**എ.** അന്നജവും മാംസ്യവും, **ബി.**ജീവകങ്ങളും ധാതുക്കളും, **സി.**മാംസ്യവും ധാതുക്കളും

3. ആരോഗ്യസംബന്ധിയായ കായികക്ഷമതാഘടകങ്ങൾ ഏതെല്ലാം? **(5x2 സ്കോർ =10)**

4. താഴെപ്പറയുന്ന പോഷകഘടകങ്ങളുടെ അടിസ്ഥാനധർമ്മങ്ങൾ എഴുതുക.

   a. അന്നജം

   b. മാംസ്യം

**അഞ്ചു മുതൽ എഴു വരെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ a,b ചോദ്യങ്ങളുണ്ട്. അവയിൽ ഏതെങ്കിലും ഒരെണ്ണത്തിനുമാത്രം ഉത്തരം എഴുതിയാൽ മതി.**

5. a. മികച്ച ശരീരസംസ്ഥിതി കൊണ്ടുള്ള രണ്ട് പ്രയോജനങ്ങൾ ഏതെല്ലാം?

**അല്ലെങ്കിൽ**

b. ശരീരസംസ്ഥിതി വൈകല്യങ്ങൾക്കുള്ള കാരണങ്ങൾ എന്തെല്ലാം?

6. a. അയവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

**അല്ലെങ്കിൽ**

b. ഹൃദയശ്വസനക്ഷമത കൈവരിക്കുന്നതിലൂടെ ലഭ്യമാകുന്ന നേട്ടങ്ങൾ എന്തെല്ലാം?

7. a. സമീകൃതാഹാരം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

**അല്ലെങ്കിൽ**

b. ബോഡി മാസ് ഇൻഡക്സ് (ബി.എം.ഐ) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?


8. കായിക പ്രവർത്തനങ്ങൾ നിത്യജീവിതത്തിന്റെ ഭാഗമാക്കുന്നതിന്റെ ആവശ്യകത എന്ത്?

(1x3 സ്കോർ =3)

## B. കലാവിദ്യാഭ്യാസം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക (4x1 സ്കോർ =4)**

1. പ്രശസ്ത ചിത്രകാരൻ ജോർജ്ജ് സൂറയുടെ 'സ്പ്രിംഗ് ടൈം' എന്ന ചിത്രമാണ് താഴെ കൊടുത്തിരിക്കുന്നത്. ഇത് ഏത് കലാപ്രസ്ഥാനവുമായി ബന്ധപ്പെട്ട ചിത്രമാണ്.



A. ഫോവിസം
B. ക്ലാസിസം
C. പോയന്റലിസം
D. ഇംപ്രഷനിസം

2. തൊഴിലുമായി ബന്ധപ്പെട്ടിട്ടുള്ള നാടൻ പാട്ടുകളേത് ?

a. നന്തുണിപ്പാട്ടും, തെക്കൻപാട്ടും
b. വടക്കൻപാട്ടും, ഇടനാടൻപാട്ടും
c. കൃഷിപ്പാട്ടും, കടൽപ്പാട്ടും
d. വഞ്ചിപ്പാട്ടും, ഓണപ്പാട്ടും

3. തുള്ളലിൽ ഉപയോഗിക്കുന്ന വാദ്യോപകരണം ചിത്രം നോക്കി കണ്ടെത്തുക



വീണ



തുടി



ഓടക്കുഴൽ



മൃദംഗം

4. അരങ്ങിൽ നാടകസന്ദർഭത്തിനനുസരിച്ച് അന്തരീക്ഷവും പശ്ചാത്തലവും പ്രകടമാക്കാൻ ഉപയോഗിക്കുന്ന സ്ഥിരമായതോ എടുത്ത് മാറ്റാവുന്നതോ ആയ ക്രമീകരണങ്ങളാണ് ?

a. ചമയം
b. തിരക്കഥ
c. രംഗശില്പം
d. വേഷവിധാനം

5. സിനിമ മേഖലയിൽ നൽകിവരുന്ന പ്രശസ്തമായ പുരസ്കാരം

a. ഓടക്കുഴൽ അവാർഡ്
b. ദാദാസാഹിബ് ഫാൽക്കേ പുരസ്കാരം
c. ഗ്രാമി അവാർഡ്
d. വള്ളത്തോൾ പുരസ്കാരം

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക (3x2 സ്കോർ=6)**

6. സന്ധ്യാസമയത്ത് ആകാശത്തിൽ ദൃശ്യമാകുന്ന ഏതെങ്കിലും രണ്ട് നിറങ്ങളുടെ പേര് എഴുതുക.

7. തുള്ളലിൽ ഉപയോഗിക്കുന്ന ഏതെങ്കിലും രണ്ട് വാദ്യോപകരണങ്ങളുടെ പേര് എഴുതുക.

8. ആഘോഷവുമായി ബന്ധപ്പെട്ട് പാടുന്ന രണ്ട് നാടൻപാട്ടുകളുടെ പേരെഴുതുക.

***അല്ലെങ്കിൽ***

നാദം സംഗീതാത്മകമാണ്. രണ്ട് നാദവിഭാഗങ്ങളുടെ പേരുകൾ എഴുതുക.

9. ക്ലാസ്മുറികളിൽ നാടകാവതരണത്തിന് ഉപയോഗിക്കുന്ന രണ്ട് രംഗവസ്തുക്കൾ എഴുതുക.

10. എന്താണ് സ്റ്റോറിബോർഡ്? കുറിപ്പെഴുതുക.

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഒന്നിന് മാത്രം ഉത്തരമെഴുതുക (1x5 സ്കോർ =5)**

11. ഒരു പകൽസമയ പ്രകൃതിദൃശ്യം വരച്ച് നിറം നൽകുക.

12. എന്താണ് നാദം?

നാദത്തിന്റെ ആറ് വിഭാഗങ്ങക്ക് ഉദാഹരണങ്ങൾ എഴുതുക?

13. തുള്ളൽ എന്ന നൃത്തരൂപത്തിന്റെ ഉപജ്ഞാതാവ് ആര്? എത്രതരം തുള്ളലുകളാണുള്ളത്? പ്രത്യേകതകളെന്തെല്ലാം?

14. നിങ്ങളുടെ സ്കൂളിലെ പരിസ്ഥിതി പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു നാടകം അവതരിപ്പിക്കാൻ വേണ്ടി സ്ക്രിപ്റ്റ് തയ്യാറാക്കുക. (സംഭാഷണങ്ങൾ, കഥാപാത്രങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തണം)

- ജലക്ഷാമം
- ശുചിത്വം

എന്നീ വിഷയങ്ങളാകാം.

15. സ്കൂളിൽ നിങ്ങൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന ഹ്രസ്വചിത്രത്തിന് വേണ്ടി എന്തൊക്കെ മുന്നൊരുക്കങ്ങൾ ആണ് നടത്തേണ്ടത്.

## C. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

**ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ച് ഉത്തരമെഴുതുക**

**(4x1 സ്കോർ =4)**

1 വസ്ത്രങ്ങളുടെ നാരുകളും അവയുടെ സവിശേഷതകളും ആണ് താഴെ കൊടുത്തിരിക്കുന്നത് ഇവ പരിശോധിച്ച് ശരിയായ ഉത്തരം കണ്ടെത്തി എഴുതുക.

| A | B |
|---|---|
| a. പരുത്തി | 1. കത്തുമ്പോൾ രാസവസ്തുക്കളുടെ ഗന്ധമുണ്ടാകും |
| b. കമ്പിളി | 2. മൃദുലവും തിളക്കവുമുള്ളതാണ്. |
| c. പട്ട് | 3. നാരുകളുടെ രാജാവ് എന്നറിയപ്പെടുന്നു. |
| D. പോളിയെസ്റ്റർ | 4. തലമുടി കരിയുന്നതിന് സമാനമായ ഗന്ധമുണ്ടാകുന്നു. |

A. a-2, b-1, c-4, d-3 B. a-4, b-3, c-2, d-1

C. a-3, b-4, c-2, d-1 D. a-4,b-3,c-1, d-2

2. ഭിത്തിയിലോ മറ്റ് ലംബമായ പ്രതലങ്ങളിലോ മനോഹാരിത വർദ്ധിപ്പിക്കുവാൻ ഉതകുന്ന പൂന്തോട്ട നിർമ്മാണ കലയാണ് ........................................

3. കെട്ടിടങ്ങളുടെ പ്ലാൻ വരയ്ക്കുമ്പോൾ ദിശാസൂചകം ഉൾപ്പെടുത്താറുണ്ട്. അതിലെ ചിഹ്നത്തിന്റെ ( അസ്ത്രചിഹ്നം) കൂർത്തഭാഗം ഏത് ദിശയെ സൂചിപ്പിക്കുന്നു.



4. ജലസേചന സംവിധാനം ഒരുക്കുമ്പോൾ ഉപയോഗിക്കുന്ന സാമഗ്രിയുടെ ചിത്രമാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ഇതിന്റെ പേരെന്ത്?



5. ലംബകൃഷിയുടെ മാതൃകയിൽ ടവർകൃഷി ചെയ്യുന്ന വിധം വിശദമാക്കുക. **(4x2 സ്കോർ =8)**

6. വസ്ത്രകലയിൽ സ്വാച്ച് വർക്കും പാച്ച് വർക്കും എന്തെന്ന് വിശദമാക്കുക.

**ഏഴ്, എട്ട് ചോദ്യങ്ങളിൽ a,b ചോദ്യങ്ങളുണ്ട്. അവയിൽ ഏതെങ്കിലും ഒരെണ്ണത്തിനുമാത്രം ഉത്തരം എഴുതിയാൽ മതി.**

7. a. വീടിന്റെ പ്ലാനിൽ മുറികളുടെ സ്ഥാനങ്ങൾ നിശ്ചയിക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?

***അല്ലെങ്കിൽ***

b. ലേ-ഔട്ട് എന്നാൽ എന്ത്? വിശദീകരിക്കുക.

8. a. ജലസേചന സംവിധാനത്തിന് ഉപയോഗിക്കുന്ന ഏതെങ്കിലും രണ്ട് തരം പൈപ്പുകളുടെ പേരെഴുതുക. അവയുടെ ഉപയോഗം വിശദീകരിക്കുക.

***അല്ലെങ്കിൽ***

b. ഒരു വീടിന്റെ പ്ലാൻ വരയ്ക്കുന്നതിന്റെ ആവശ്യകത എന്ത്?

9. ലംബകൃഷിയുടെ അടിസ്ഥാനമെന്ത്? ലംബ കൃഷി ചെയ്യുന്നതുകൊണ്ടുള്ള മെച്ചങ്ങളെന്തെല്ലാം? **(1x3 സ്കോർ =3)**